# ചിമിഴ്



# NATIONAL

## HIGHER SECONDARY SCHOOL
## IRINJALAKUDA


Thrissur,Kerala

Phone:0480-2822086,2821248

Email: nationalijk@gmail.com

# P.T.A. PRESIDENT'S MESSAGE



ചരിത്രനഗരിയായ ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് രാജകീയ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, കലാകായികസാംസ്കാരിക രംഗങ്ങളിലുള്ള ഇവിടുത്തെ കുട്ടികളുടെ മുന്നേറ്റം, ഇരിങ്ങാലക്കുടയുടെ സാംസ്കാരികതയെ വിളിച്ചോതുന്നതാണ്. നമ്മുടെ കുട്ടികളിലെ സർഗ്ഗരചനാവാസനകളെ പ്രോത്സാഹിപ്പിക്കുവാൻ ഈ മാഗസിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**കെ. എസ്. സന്തോഷ്**

പി. ടി. എ പ്രസിഡന്റ്

# HM'S MESSAGE



വിജ്ഞാനത്തിന്റെ പടികൾ കയറി കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ നിരന്തര പരിശ്രമത്തിലൂടെ സൃഷ്ടിച്ചെടുത്ത ഒരു ദൃശ്യ വസന്തം സഹൃദയസമക്ഷം സമർപ്പിക്കുന്നു. ഇനിയുമിനിയും ഉയരങ്ങളിലേക്ക് പറക്കാൻ നമ്മുടെ ചിമിഴിലെ ചെറുമുത്തുകൾക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
**ഷീജ. വി**
ഹെഡ്മിസ്ട്രസ്സ്

# MANAGER'S MESSAGE



I am extremely happy to learn that Little kites members of National Higher Secondary school, Irinjalakuda is publishing a magazine during the year 2018-19.This will be a great opportunity for them to quote the remarkable achievements that they have made in the field of art, social, sports and cultural activities at all level.

it is worth to mention her that many of our alumnae as well as our present students have been maintaining high level of perfection and success at various level in different activities.

I congratulate and appreciate the inculcation taken by our teachers and students to release a magazine and i am sure that they will make use of this wonderful opportunity to show their talents in the area of their interests.

**Rukmani Ramachandran,**Manager

# MANAGEMENT REPRESENTATIVE



നാഷ്ണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2018-19 അദ്ധ്യയനവർഷത്തിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന വാർത്തവളരെ സന്തോഷത്തോടെ അറിയാൻ സാധിച്ചു.

വിദ്യാർത്ഥികളുടെ വിവിധതലത്തിലുള്ള അഭിരുചികളും, ഈ വിദ്യാലയത്തിലെ വിദ്യാഭ്യാസം കല കായിക സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽ

പാരമ്പര്യമായി നിലനിർത്തിപോരുന്ന ഉന്നതവിജയങ്ങളും ഈ പംക്തിയിലൂടെ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നത് അഭിമാനാർഹം തന്നെ.

വിദ്യാർത്ഥികളുടെ ഈ സത്സംരംഭം വളരെ വിജയപ്രദമായി ഭവിക്കുവാൻ പ്രാർത്ഥിക്കുന്നു.

വി. പി. ആർ. മേനോൻ

മാനേജ്മെന്റ് പ്രതിനിധി

# സ്റ്റാഫ് എഡിറ്റോറിയൽ

വിരിഞ്ഞു തുടങ്ങിയ കൊച്ചുപൂമൊട്ടുകളുടെ വിവിധ കലാസൃഷ്ടികളടങ്ങുന്ന ഒരു ചെറിയ പതിപ്പാണ് ഈ ഒരു പരിശ്രമത്തിലൂടെ പൂർത്തിയാവുന്നത്. കലാ-സാഹിത്യ-സാങ്കേതിക പരിശ്രമങ്ങളുടെ ഒരു സംഗമമാണ് 'ചിമിഴ്'എന്ന പേരിൽ നാഷണൽ HSS ലെ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നത്.

പ്രതികരണത്തിന്റേയും പ്രതീക്ഷയുടേയും കനൽക്കട്ടകൾ എരിഞ്ഞടങ്ങുന്ന ഇക്കാലത്ത്, അവയെ കൂടുതൽ ജീവനേകി ആളിപ്പടർത്തുവാൻ പ്രചോദനമാകട്ടെ 'ചിമിഴ്' എന്നാശംസിക്കുന്നു.

ശബ്ദമുയർത്തുവാൻ മടിക്കുന്നവർക്ക്, നീതിയുടേയും സമാധാനത്തിന്റേയും ചിറകുകൾ മുറിച്ചു മാറ്റപ്പെട്ടവർക്ക്, ഉയിർത്തെഴുന്നേൽപ്പിനു സഹായകമാകും ഇത് എന്ന് പ്രതീക്ഷിക്കുന്നു.

അറിവിന്റെയും സ്വാതന്ത്ര്യത്തിന്റെയും അനന്തവിഹായസ്സിന്റെ വാതായനങ്ങളിലൂടെ പറന്നുയരുവാൻ ഇനിയും വെമ്പുന്ന വിദ്യാർത്ഥികളുടെ മനോഹര സ്വപ്നങ്ങളിൽ കറുത്ത ചായം തട്ടിക്കളയുന്ന പേക്കോലങ്ങളെ അകറ്റി നിർത്തുവാൻ അറിവിനെ ആയുധമാക്കുകയാണിവിടെ.

ജ്ഞാനത്തിന്റെ മധു നുകർന്ന് ഇനിയും പാണ്ഡിത്യമേറിയ തലമുറകൾ രൂപം കൊള്ളട്ടെയെന്ന് ആശംസിക്കുന്നു....

# STUDENT'S EDITORIAL

കുട്ടികൾ പേനകൊണ്ട് കുറിച്ചുവെച്ച വെറും വാക്കുകളല്ല ഈ മാഗസിനിൽ ഉദ്ദേശിക്കുന്നത്. അവ കുട്ടികളുടെ മനസ്സിലെ വിജ്ഞാനകോശങ്ങളെ കോർത്തിണക്കി നിർമ്മിച്ചതാണ്. കാലങ്ങളായി കുട്ടികളിൽ ഉറങ്ങിക്കിടന്നിരുന്ന സാഹിത്യപരമായ കഴിവുകളെ ഉണർത്താൻ ഈ മാഗസിനിലൂടെ സാധിച്ചിരിക്കുന്നു. ഓരോ കുട്ടികളുടെയും ഉള്ളിലെ പ്രതിഭകളെ കണ്ടെത്താൻ കഴിഞ്ഞതാണ് ഈ മാഗസിനിന്റെ വിജയം.

വിദ്യാർത്ഥികളുടെ സാങ്കേതികപരമായ കഴിവുകൾ ഉപയോഗിച്ച് ചിട്ടപ്പെടുത്തിയതാണ് ഈ മാഗസിൻ. ഒരു വിദ്യാലയത്തിൽ നാം ജീവിച്ചുതീർക്കുന്ന നാളുകളിൽ അറിവിനൊപ്പം ആധുനിക സാങ്കേതിക വിദ്യയെ കൂടുതൽ അറിയുവാനും സൈബർ ലോകത്തിന്റെ അതിർവരമ്പുകളെ മറികടന്ന് വിഹരിക്കാനും ഈ ഒരു മാഗസിൻ നിർമ്മാണത്തിലൂടെ സാധിച്ചു.

# സ്വപ്നസാക്ഷാത്കാരം

യു.പി വിഭാഗം അദ്ധ്യാപിക  ശ്രീമതി പി.സ് രാധ ടീച്ചർ,കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും "നാഗാരാധനയും കേരളീയ സമൂഹവും" എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി.

ഭാഷയെ നെഞ്ചിലേറ്റി, അധ്യാപനത്തെ ജീവിത സപര്യയാക്കി മാറ്റിയ മലയാളത്തിന്റെ കരുത്ത് ശ്രീമതി രാധ ടീച്ചർ.



# ആത്മവിശ്വാസത്തിന്റെ കരുത്ത്

ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയിൽ



സംസ്ഥാനതലത്തിൽ 4ാം റാങ്കും ദേശീയതല 54ാം റാങ്കും നേടിയ നാഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ അതുല്യ പ്രതിഭയാണ് ഹരി കല്ലിക്കാട്ട്. ആത്മവിശ്വാസത്തിന്റെ കരുത്തും വിനയത്തിന്റെ മാസ്മരികതയും നിശ്ചയദാർഢ്യവും കൈമുതലാക്കി ഒരു നാടിന്റെ ചിരകാല സ്വപ്നങ്ങൾക്ക് ഹരി നിറം പകർന്നു.

little KITEs


NATIONAL HIGHER SECONDARY

# CONTENTS


| | |
|---|---|
| ഗാന്ധി | 11 |
| 2 States | 12 |
| അമ്മയുടെ മാറിലെ ചൂട് | 14 |
| ബാല്യകാലം | 21 |
| Beauty of Nature | 22 |
| Friend of Life | 23 |
| Friends | 25 |
| ഇര | 26 |
| അനുഭൂതി | 28 |
| കഴുകൻ | 29 |
| കാലമേ നന്ദി | 31 |
| ജീവിതം | 32 |
| കല മത്സരിക്കാനുള്ളതാണോ? | 34 |
| Lost Friend | 36 |
| ഒരു മഴയുടെ വിലാപം | 37 |
| My Journey | 44 |
| Never be silent | 46 |
| പറയൂ സഖി | 48 |
| സെൽഫി | 50 |
| Silver | 56 |
| ഒരു ഉത്സവത്തിന്റെ ഓർമ്മ | 57 |
| ഇരുളിൻ മറവിൽ | 61 |
| കേഴുന്ന മാമ്പഴം | 63 |
| വിട | 65 |
| വിദ്യാർത്ഥികളും വായനാശീലവും | 66 |



# ഗാന്ധി

ഒരിന്ത്യയുടെ ദൂരമുണ്ട്
ഗാന്ധിയും
ഗാന്ധിജിയും തമ്മിൽ

മുഹമ്മദ് ഷഹ്സാദ് ടി

# 2 STATES

2 States is a book written by Chethan Bhagat. He is an English Indian writer whose writing has a magic to influence an inspire everyone. He also writes columns in news paper based on youth's progress .He is the author of books namely Half Girlfriend ,Five Point Someone,Revolution 2020,Three Mistakes of my Life,etc. This books have been made into bollywood films.

2 states is the story of Krish and Ananya. It is not mainly a love story, but it is the story of their hardship, effort and a lot more to get themselves married. This story shows the inequality between the states of India.

Krish, a  Punjabi boy and Ananya ,a sweet Tamil brahmin girl fall for each other in IIM-A in their minds they thought that their parents would love each other as them on the meeting on convocation day. But the things went out worsely . Ananya didn't

want to elope with Krish, as from childhood she has a wish of seeing her. Parents smiling on her marriage day. On this day onwards,they started the hardship of getting married and at last they got married.

Several times life has knock them out but they came back because "life will knock us down, but it is we to decide whether or not to come back." Never stop down in your failures because failing is stepping stone to success. So everyone please don't stop trying.

2 States is a wonderful book and everyone should surely read it. At least the people who loves reading. And also refer this book to your friends because its surely going to inspire you as it as inspired me.

Neeraja Menon



## അമ്മയുടെ മാറിലെ ചൂട്

ടിങ്ങ്-ടോൺ.... ടിങ്ങ് ടോൺ
അറിയിപ്പുമണിയും പരമാനന്ദത്തിൽ ആറാടിയൊന്നു മുഴങ്ങി. പത്മാമ്മ ദീർഘവീക്ഷണത്തോടെ കതകു തുറന്നു. പ്രതീക്ഷ സഫലമായതു പോലെ.പ്രത്യക്ഷനായ തപാലുകാരന്റെ കയ്യിൽ നിന്നും സന്തോഷത്തോടെ അത് ഏറ്റുവാങ്ങി. അതെ അതു തന്നെ ദുബായിലേക്കുള്ള പാസ്പോർട്ട്. ബന്ധുക്കളുടെ മുന്നിലും നാട്ടുകാരുടെ മുന്നിലും കുറച്ചുനാൾ മുമ്പു വരെ പരിഹാസ കഥാപാത്രമായിരുന്ന അവർ ഇപ്പോൾ നേടിയിരിക്കുന്നത് ഒരമ്മയുടെ സ്വപ്നമാണ്. നിറഞ്ഞ കണ്ണുനീരോടെ  ആ ചെറിയ വീടും നാടും  ചുറ്റി കറങ്ങി. സങ്കടമുണ്ട്, ഈ നാടും കഷ്ടപ്പാടും സ്വപ്നങ്ങളും നിറഞ്ഞ ഒരുപിടി ഓർമകളും പിട്ടു പോകാൻ. പിയർപ്പിന്റെ ഫലമായ ആ വീടും പത്മാമ്മയുടെയും അച്യുതന്റേയും പ്രണയത്തിന് സാക്ഷികളായ പൂ്തോട്ടവും പിട്ടു പോകാൻ. ഒറ്റ മകനായിരുന്നു ഏക പ്രതീക്ഷ. രക്തം ജലമാത്തി സൂര്യന്റെ തപനത്തിനെതിരെ ഏറെ പൊരുതിയിട്ടുണ്ട്. ആ പാടത്ത് നിന്ന് വിളഞ്ഞതോ പൊന്ന്. ഓട്ടകാലണയിൽ നിന്ന്  എവിടെയെങ്കിലും എത്തിയിട്ടുണ്ടെങ്കിൽ അത് അവൻ കാരണമാണ്. ദാസൂട്ടൻ കാരണം. കാത്തിരുന്ന് കിട്ടിയ വരദാനം. അവർക്ക് എല്ലാം കൊടുത്തവൻ. ജനിച്ചപ്പോഴെ അച്യുതൻ നായർ പറഞ്ഞു - "ഇവൻ ഭാഗ്യമാണ്. നമ്മളെ ഒരിക്കലുമം കൈവിടില്ല." എന്നാൽ ഇടക്കാലത്ത് അദ്ദേഹത്തിന്റെ ഇതു വരെ തെറ്റാത്ത പ്രതീക്ഷ തെറ്റുകയൊണോ എന്ന് പത്മാമ്മയ്ക്കു തോന്നി. പഠിപ്പ

കഴിഞ്ഞ് വിദേശിയെ

ജീവിക്കുകയാണവനെന്നറിഞ്ഞപ്പോൾ. ഇടയ്ക്കൊന്ന് വിളിക്കും. വിളിച്ചാൽ കൂടിയാൽ 2-3 നിമിഷം.

......6 മാസമായി വിളി വരാഞ്ഞപ്പോൾ വൃദ്ധാശ്രമ സംഘാടനക്കാർ സമീപിച്ച് ഒരു പ്രവേശന ടിക്കറ്റിന് നേതൃത്വം വഹിച്ചു. സങ്കടമെല്ലാം ഇരുട്ടു മുറിയിൽ അച്ച്യേട്ടനോട് പങ്കു വച്ചു. എന്നാൽ ലീല, അവളും കൂടി പറഞ്ഞപ്പോൾ 60 കാരിയായ പത്മാമ്മ ശരിക്കും പേടിച്ചു. ഒരു മുഴം കയറിൽ തീർന്നാലോന്ന് വരെ.

പക്ഷെ ആ വിളി വന്നപ്പോൾ... ആകാശം കിട്ടിയ പോലെയായിരുന്നു. അച്ച്യേട്ടൻ പറഞ്ഞതു പോലെ അവൻ നമ്മുടെ ഭാഗ്യാന്ന് വീണ്ടും തോന്നി. യാത്ര പറഞ്ഞു.ഉറക്കമുഴച്ച് അവനിഷ്ടപ്പെട്ട ഉണ്ണിയപ്പവും അച്ചപ്പവും അച്ചാറുമുണ്ടാക്കി.പുലർച്ചെ 4 ന് വിമാനമെത്തും. ലീലേടെ മകൻ കൊണ്ടു വന്നാക്കി. ദേ നിൽക്കുന്നു.... എന്റെ മകൻ.. ഓടി വന്ന് കെട്ടിപ്പുണർന്ന് വീട്ടിലെത്തി. നല്ല ശുചിത്വമുള്ള സ്ഥലമാണെങ്കിലും വീട് അതത്ര പോരാ. രണ്ടു നക്ഷത്രമത്സ്യങ്ങളെ പോലെ രണ്ടു കുഞ്ഞുങ്ങൾ. പേരക്കുട്ടികൾ - ഒരു സമ്മാനമെന്ന പോലെ ഞാൻ അവരെ നോക്കി. മരുമകളുടെ പേര് എന്തെന്നെ പേർസിനാന്നാണ്. അവർ എന്നെ കണ്ടഭാവം പോലും കാട്ടുന്നില്ല. രാവിലെയുണർന്നാൽ ഞാൻ തന്നെ എനിക്കു വേണ്ടതുണ്ടാക്കും. കഴിക്കും. ദിനചര്യയൊക്കെ കഴിഞ്ഞാൽ കുഞ്ഞുങ്ങളുടെ കാര്യം നോക്കും.

അവരുറങ്ങുമ്പോൾ തുണിയൊക്കെ ആ പെട്ടിലിട്ടു തിരുമ്പും. വീടു വൃത്തിയാക്കും. പരിസരം വൃത്തിയാക്കും. മിണ്ടാനാരുമില്ല. പണികൾ പണ്ടത്തേതിനേക്കാൾ കൂടുതലാണ്. രാത്രി 12:30 വരെ ബഹളമാണ്. മലയാളത്തിലല്ലാത്തതിനാൽ അർത്ഥമറിയില്ല. കാര്യമന്വേഷിച്ച എന്നോട് മകൻ ചാടിക്കയറി. “നിങ്ങൾ വീടും എന്റെ മക്കളുടെ കാര്യവും നോക്കിയാൽ മതിയത്രേ...”

ഇപ്പോൾ അമ്മ എന്നു പോലും വിളിക്കുന്നില്ല. വേണ്ട അതു കേൾക്കാൻ കൊതിയുണ്ടെങ്കിലും പത്മാമ്മയ്ക്കു സങ്കടം കുഞ്ഞുങ്ങളെ കുറിച്ചോർത്താണ്. അമ്മയുടെ ചൂടു കിട്ടാതെ അവർ വളരുന്നതു കാണുമ്പോഴാണ്. ഒരു കുറവും അവർക്കു വരുത്തുന്നില്ല. ഒരാൾക്ക് വാശി കൂടുതലാണ്. പെറ്റിട്ട് പേരുമിട്ട് ഓടിപ്പോയി. പരിഷ്കാരിയായ... അമ്മയല്ല... ഒരു സ്ത്രീ. പ്രസവിച്ചാൽ മാത്രം പോരല്ലോ ഒരു അമ്മയാകാൻ. പത്മാമ്മയിട്ട പേര് ചിന്നു മിന്നു എന്നാണ്. രണ്ടാളും അമ്മൂമ്മയോട് പറ്റി ചേർന്നു കിടക്കും. മുലപ്പാലിന്റെ മാധുര്യം നുകരാനാകാതെ ദുബായ് പാലിന്റെ ചവർപ്പു സഹിക്കുന്ന ഇളം പൂക്കൾ. പത്മാമ്മയ്ക്കു പറ്റുന്നില്ല. ഈ ഒറ്റപ്പെടൽ അമിതമാണ്. പണികളും.. വയ്യ...മനസ്സും ശരീരവും ദുർബലമായി... പക്ഷേ മരണം വരെ ഇവിടന്നു പോകാൻ പത്മാമ്മയ്ക്കു ആശയില്ല. അതെ.. നരകമാണെങ്കിലും സ്വന്തം മകന്റെ കൂടെ കഴിയാനാണ് ഏതൊരമ്മയുടെയും ആഗ്രഹം. ഈ ഇടയായി ഇടത്തേ ഭാഗത്ത് നല്ല വേദന... ക്ഷീണം..ഒന്നനങ്ങാൻ പോലും വയ്യ

എന്ന തോന്നൽ മകനോടു പറയണോ. വേണ്ടായെന്ന് പത്മാമ്മ തീരുമാനിച്ചു. പതുക്കെ..പതുക്കെ.. പത്മാമ്മ മനസ്സിലാക്കുകയായിരുന്നു വേദനയോടെ ആ സത്യം. ഉം..രണ്ടു കുഞ്ഞുങ്ങളെ നോക്കാനും വീടു വൃത്തിയാക്കാനും ഒരാൾക്ക് നാലു ലക്ഷം വരെ കൊടുക്കണം. ഇവർക്കാണെങ്കിൽ വീട്ടു വാടകയ്ക്കും വീട്ടുചെലവിനും  മദ്യമാംസ സൽക്കാരങ്ങൾക്കും പണം മാറ്റി വച്ചാൽ പിന്നെ ഒന്നുമുണ്ടാവില്ല.  പിന്നെ ആലോചിച്ചപ്പോൾ നാട്ടിൽ ഒരു തള്ളയുണ്ടല്ലോ. ആർക്കും വേണ്ടാത്തവൾ. ഇവിടെ നിന്നാൽ എല്ലാം ആത്മാർത്ഥമായി ചെയ്യും. വല്ലതും തിന്നാൻ കൊടുത്താൽ അതുമതി. വേറെയൊന്നും വേണ്ട. പട്ടിയെ പോലെ വാലാട്ടി നില്ക്കും. ഇതു മനസ്സിലാക്കിയതോടെയാകാം സഖാവു അച്യുതന്റെ സഖി തളരാൻ തുടങ്ങിയത്. തെറ്റി സഖാവിന് തെറ്റി എന്ന് പത്മാമ്മ പറയാൻ തുടങ്ങി. ഒരു ദിവസം തളർന്ന് ഒന്നു കിടന്നു പോയി പത്മാമ്മ. ജോലികൾ തീർന്നിട്ടുണ്ടായിരുന്നില്ല. വന്നപ്പോൾ വഴക്കുകൾ സമയം തെറ്റി വിരുന്നു വന്നു. പത്മാമ്മയുടെ നേരെ തന്റെ തന്നെ അവശിഷ്ട ഭക്ഷണത്താൽ ഭൂമിയിൽ സ്ഥാനമുറപ്പിച്ച മകൻചാടി കയറി പലതും പറഞ്ഞു. ഒരു മകൻ അമ്മയോട്  ഒരിക്കലും പറയാൻ പാടില്ലാത്തത്. പിറ്റേന്ന് സാധാരണ പോലെ എഴുന്നേറ്റത ദാസൻ നോക്കിയപ്പോൾ അടുക്കളയിൽ ആരുമില്ല.. മുറിയിൽ എത്തി നോക്കി പത്മാമ്മ ഉണർന്നിട്ടില്ല. രാത്രി കുട്ടികൾ കരഞ്ഞപ്പോഴേ എന്തോ പറ്റിയെന്നു തോന്നി. പക്ഷേ എഴുന്നേറ്റില്ല. ചിലപ്പോൾ ആ പുതുജീവിതങ്ങൾക്ക്  തങ്ങളുടെ

അമ്മൂമ്മയുടെ ശരീരത്തിൽ നിന്ന് അവസാന ഹൃദയമിടിപ്പ് വരെ നഷ്ടമായത് അറിഞ്ഞിരിക്കാം. ഒരിറ്റു കണ്ണീർ ദാസൻ പൊഴിച്ചില്ല. ഏദൻ അത് ശ്രദ്ധിച്ചതേയില്ല. അനാഥ ശവം പോലെ ആശുപത്രിയിലെ മോർച്ചറിയിൽ ആക്കി. നാട്ടിൽ സഖാവിന്റെ കൂടെ അന്ത്യവിശ്രമം കൊള്ളാൻ പോലും അവൻ ആ അമ്മയെ അനുവദിച്ചില്ല. ശരീരം ഗവേഷണത്തിന് വിട്ടു കൊടുത്തു. കാശ് ഇങ്ങോട്ട് കൈപറ്റി. ഒരർഥത്തിൽ സ്വന്തം അമ്മയുടെ ശവം വിറ്റവൻ. ഒരാചാരവും നടന്നില്ല. അല്ല... നടത്തിയില്ല. പത്മാമയും എല്ലാ സ്വപ്നവും പാഴായി. ഏതൊരാളുടെയും ശരീരത്തിൽ കാണുന്ന ഈശ്വരൻ തന്ന അമ്മയുടെ അടയാളമായ പൊക്കിൾക്കൊടി.. അത് മാറ്റാൻ ഒരിക്കലും ഒരു ശസ്ത്രക്രിയയ്ക്കും സാധിക്കില്ല. നമുക്കായ് ജീവിതം മാറ്റിവച്ച്, പ്രസവസമയം തന്റെ ജീവനെടുത്താലും കുഞ്ഞിന്റെ ജീവിതം എടുക്കല്ലേ എന്നു പ്രാർത്ഥിക്കുന്ന ആ അമ്മയെയാണ് ആ ദിവ്യ സങ്കൽപ്പത്തെയാണ് ദാസനെന്ന യുവാവ് ചോദ്യം ചെയ്തത്. പിറ്റേന്നു മുതൽ സാധാരണ പോലെ അയാൾ ജോലിക്കു പോയി വന്നു. ഒരു നായയ്ക്കു കൊടുക്കുന്ന ഒരു തുള്ളി കണ്ണീർ പോലും പത്മാമ്മയ്ക്കു നിഷേധിക്കപ്പെട്ടു. ഏതൊ ഒരു മെഡിക്കൽ കോളേജിൽ ലജ്ജിക്കുന്ന ഒരാത്മാവു, സഖാവ്, തന്റെ സഖിയുടെ നിഷ്കരുണമായ അന്ത്യത്തെ ഓർത്ത് സഖിയെ കൂട്ടി കൊണ്ടു പോകാനായ്  ആ തണുത്തുമരവിച്ച കീറുന്നതിനായ് കാത്തു കിടക്കുന്ന ശരീരത്തിനടുത്ത്

ണ്ടാകും. നഷ്ടം - അത് ആ കുഞ്ഞുങ്ങൾക്കു

മാത്രം. ദൈവം തന്റെ പ്രതിനിധിയായ് സ്നേഹിക്കുവാനായ് സൃഷ്ടിച്ച അമ്മയുടെ ചൂട് അവർക്ക് ലഭിച്ചില്ല. അമ്മൂമ്മയുടെ ചൂട് അച്ഛൻ അകറ്റി കളഞ്ഞു. എന്നാലും ആ തൊട്ടിലിന്റെ അപ്പുറവും ഇപ്പുറവും ആ അമ്മൂമ്മയുടെ താരാട്ടിന്റെ ഈണം തത്തി നടക്കുന്നതായ് അവർക്കു തോന്നാം. കാലം അത് തെളിയിക്കും, ഒരമ്മയുടെ വില.

അഞ്ജലി. സി. ശേഖർ



# ബാല്യകാലം


പിച്ചവച്ച നാളുകളിൽ
സ്നേഹത്തിന്റെ കൈകളുമായ്
കൂടെ വന്ന വാത്സല്യമായ്
എന്റെ സ്വന്തം അമ്മ

ആദ്യമായി വിദ്യാലയത്തിൽ
പടികളിൽ ചുവടുവച്ച നാൾ
ജ്ഞാനത്തിൻ പാഠങ്ങളായ്
കൂടെ വന്ന സ്നേഹമായ്
ബാല്യകാല ഗുരുക്കൾ

കൈകൾ കോർത്തു നടന്നേ
ബാല്യകാല കൂട്ടുകാരായ്
ഒത്തൊരുമയോടെ ഞങ്ങൾ
സ്നേഹത്തിൻ കൂടുകെട്ടി
സ്നേഹത്തിൻ കൂടുകെട്ടി
സ്നേഹത്തിൻ കൂടുകെട്ടി

-നന്ദന രാജൻ

# BEAUTY OF NATURE



Sunset at the dawn of New day
Just watching it melts your stress away
waterfall pouring from a height
Quite and awesome, amazing sight
Moon and Stars shining so bright
At night, Darkness bears no height
Oh the beach the ocean gently roars
Meditating with it, our spirit soars
summer flowers in the park
squirrel running round
Crying to find any nuts that are left on the ground
Yes nature is so beautiful
Nature claim you heart, But
Are we appreciating it to the full...

HENNA

# Friend of life



Walking beneath the
Weeping clouds.
In black with a handful of roses
I was frail by weeping all day
and night
Hearing that my strength, joy and
laughter
we used to sit near the rustling tree
and sneer
our friendship was embrace one.
Knowing that she left me,
forever and ever

I couldn't feel my self.
Now 'Im here
Near the place she rests
Forever, I present my last gift
Weeping hardly I cried.
“Please don't leave me alone”

Ardhra .P.S

# Friends




when they come to my heart,
they really brings happiness.
When I fade,
they shelter me as strong trees
When I lose my way,
They show me the path I should go
I am like a flowing river
Any they clear my path
We hold our hands together
As we are friends.....
The best friend in world!
It's true that they bring joy and love
that nothing can substitute:As they are my friends.

# ഇര

"തകരാത്ത സ്നേഹത്തിൻ മൂല്യമറിയാതെ
വേദങ്ങൾ പഠിക്കുന്നതെന്തിന് നാം..?
അകലാത്ത ബന്ധത്തിൻ ശക്തിയെന്തെന്നറിയാതെ
പാണ്ഡിത്യം നടിക്കുന്നതെന്തിന് നിങ്ങൾ..?
തിരിച്ചറിയാതെ മർത്യനെ വേർതിരിക്കുന്നു
നാം മതമായ്,ജാതിയായ്,വർഗ്ഗമായ് !
ബന്ധത്തിൽ മൂല്യമെന്തെന്നിയാത്ത ജാതികോമരങ്ങൾ
ഉറഞ്ഞുതുള്ളുമീ നാടോ ഇത് ദൈവത്തിൻ..?
ഇവിടെയോ ഗാന്ധിയും ഗുരുവും..?
ഇവിടെയോ ബുദ്ധനും വിവേകനും

ഭൂമിയാം കുരുതിക്കളത്തിൽ നീറുന്നു
കനലായ് തങ്ങിയോ നിൻ സ്വപ്നങ്ങൾ...
നീറുന്ന വേദനയാൽ നിൻ സഖീ തൻ
പിൻവിളി കേൾക്കുന്നുവോ നീ..?
കാണുന്നുവോ നീ കണ്ണീരാം ലോകത്തിൻ പുഷ്പാർച്ചന...
അറിയാതെ മർത്യനെ ധനത്തിൻ ഗർവ്
ചിത്തത്തിൽ പൊതിഞ്ഞ നരാധമൻമാർ
തൻ ഇരയായ് നീറുന്നുവോ നീ..?

മനുഷ്യനെന്ന നാമത്തിൻ അർഥ
മെന്തെന്നറിയാതെ ,അർഹരോ

നമ്മളീ.. പദമൊന്നുച്ചരിക്കുവാൻ
ക്ഷമയെന്ന വാക്കിനീ തിളക്കുന്ന
ദുഃഖത്തിൻ മുന്നിലെന്തു മൂല്യം ?
മുഖം മറിച്ചോളൂ കേരളമേ..നീ
നിഷ്കൂരമായീ.. പാതകത്തിൻ മുന്നിൽ
ഇതോ നാട് ദൈവത്തിൻ സ്വന്തം
അതോ ചെകുത്താന്റേയോ..?”


# അനുഭൂതി

"വിണ്ണിന് വാനിന്റെ സ്നേഹസ്പർശമായ്
നിറയുന്ന പ്രതിഭാസമെ ഞാൻ കാത്തിരിപ്പൂ
നിനക്കായ്...
നിൻ കള-കള
ശബ്ദം
കേൾപതിനു
ഞാൻ
ചെവിയോർക്കുന്നു..
നിൻ വരവറിയിച്ച
കൊണ്ടായ് വരുന്ന തെന്നലിൻ  കുളിർ
ഞാൻ അറിയുന്നു...
നാടൊരുങ്ങി നിൻ സ്നേഹസ്പർശത്തിനായ്
വരൂ നീ നാടിൻ  ജീർണ്ണതയകറ്റാനായ്
ധന്യമാക്കു ഈ ഭൂമിയെ"



**കൃഷ്ണ  രാമനാഥൻ**

# കഴുകൻ



"ഇരുളിന്റെ മറവിൽ ഇരുളുന്ന
ഇരുകണ്ണും, കൊക്കും,നഖങ്ങളും താഴ്ത്തി
കൊത്തി വലിക്കുവാൻ തക്കം പാർത്തിരിക്കുന്ന കഴുകന്മാർ
മാറുപിളർത്തി ചുടുചോര കുടിച്ചും
പച്ചമാംസം കടിച്ചു പറിച്ചും
കണ്ണുനീരവർ നക്കി കുടിച്ചും
ദാഹം തീർത്തവർ ആത്തട്ടഹസിക്കുന്നു.


അലറുന്നകടൽപോലെ അവർ
ആർത്തുകരഞ്ഞു കണ്ണുനീർ വീണു
മണ്ണുകുതിർന്നു ആരുണ്ട് ഉത്തരം കണ്ടെടുക്കാൻ!

താരാട്ടുപാടുന്ന,കൈകളോ
താലോലമാട്ടുന്ന താതന്റെ കൈകളോ
നീതിമാൻ മാരോ,ഭരണകർത്താക്കളോ
ആരുണ്ട് ഉത്തരം കണ്ടെടുക്കാൻ.”

<u>റുക്സാനാ കെ എസ്</u>

# കാലമേ നന്ദി

കണ്ണീർ ചാലുകളെ വറ്റിച്ച്
ജീവിതത്തിനപ്പേകിയത്
തോരാമഴകളാൽ കുതിർത്തൊ-



രെൻ കടലാസു വഞ്ചിയെ
കര കാണാതെ കിടന്നപ്പോഴും
കാണാപ്പുറങ്ങളിലേക്കയച്ചതിന്
വേഷപ്പകർച്ചകളുടെ തിടമ്പേറിയപ്പോഴും
ജീവനെ കുളിരണിയിച്ചതിന്
ഇരുളടഞ്ഞ തടവറകളിലകപ്പെട്ടപ്പോൾ
കെടാവിളക്കായി മാറിയതിന്
ഭാരങ്ങൾ പേറി തളർന്നപ്പോൾ
വഴിയരികിലെ അത്താണിയായതിന്
കാലമേ നന്ദി....ഒരായിരം നന്ദി.

<u>ശ്രീലക്ഷ്മി കെ.ജി</u>

# ജീവിതം

ജീവിതം പാഞ്ചാലിയുടെ സാരിയെ പോലെയാണെന്ന് പറയാൻ പറ്റില്ല. കാരണം പാഞ്ചാലിയുടെ സാരിക്ക് അവസാനമില്ല. ജീവിതം ജീവിതം പോലെ തന്നെയാണ്. അതിന് മറ്റ വിവരണങ്ങളൊന്നുമില്ല.

നമ്മളെങ്ങനെ ജീവിക്കണം എന്നത് നാം തന്നെയാണ് തീരുമാനിക്കേണ്ടത്. അത് മറ്റാരുടെയും അവകാശവുമല്ല അധികാരവുമല്ല. ജീവിതം പല രീതിയിൽ ജീവിക്കാം. ഒന്ന് സ്വയം സന്തോഷിച്ച് ജീവിക്കുക, പിന്നെയുള്ളത് മറ്റുള്ളവർക്കും സന്തോഷം പകർന്ന് ജീവിക്കുക എന്നതാണ്. മറ്റുള്ളവർക്ക് സന്തോഷം പകർന്നു നല്കുന്നതിലൂടെ നമ്മുടെ സന്തോഷം കൂട്ടുക മാത്രമേ ചെയ്യുകയുള്ളൂ. നമ്മുടെ ജീവിതത്തിൽ പ്രിയപ്പെട്ട മാതാപിതാക്കൾ,അധ്യാപകർ,സുഹൃത്തുക്കൾ എന്നിവർ റെയിൽപാളത്തിൽ ഓടുന്ന തീവണ്ടി പോലെയാണ്. എപ്പോൾ വേണമെങ്കിലും നമ്മുടെ ജീവിതത്തിൽ അവരുടെ സാന്നിധ്യം നിന്നു പോകാം. നമ്മളിൽ നിന്നും പാളം തെറ്റിയ പോലെ പിരിഞ്ഞും പോകാം. എല്ലാവരും എല്ലായ്പോഴും നമ്മുടെ ജീവിതത്തിൽ ഉണ്ടാവുകയില്ല. അതിനാൽ എല്ലാവരെയും സ്നേഹിക്കുക. കാരണം, ആരാണ് നമ്മുടെ സഹായത്തിനെത്തുക എന്ന് പറയാൻ കഴിയില്ല.

തോൽവിയിൽ നിന്നു പോകുന്നതിനു പകരം അവ വിജയത്തിന്റെ ചവിട്ടുപടികളാക്കി  മുന്നേറുക. എല്ലാ അവസരങ്ങളും ഉപയോഗിക്കുക.കാരണം ഒരവസരം ലഭിക്കാൻ വേണ്ടി ആഗ്രഹിക്കുന്ന പലരും നമ്മുടെ ചുറ്റുമുണ്ട്.

നമ്മൾ എന്തായിരുന്നു എന്നറിയുന്നതിനേക്കാൾ നമ്മൾ ഇപ്പോൾ എന്താണെന്ന് മറ്റുള്ളവർ അറിയുന്നതാണ് കൂടുതൽ മനോഹരം. മറ്റു മഹാന്മാരായ ഗാന്ധിജി, ന്യൂട്ടൻ, എന്നിവരെ പോലെ ആകണമെന്ന് പറയുന്നതിനേക്കാൾ നല്ലത് ഞാൻ എന്നെ പോലെ തന്നെയാവണം എന്നു പറയുന്നതാണ്. അതു പറയാനുള്ള അഭിമാനവും കരുത്തും ഒന്നു വേറെ തന്നെയാണ്. എപ്പോഴും മനസ്സിൽ ഉറച്ച ലക്ഷ്യം ഉണ്ടാകണം. ഏതു പ്രതിസന്ധിയിലും ആ സ്വപ്നം കൈവിടരുത്. പല തടസ്സങ്ങൾ ഉണ്ടാകും. എന്നാലതൊന്നും നമ്മുടെ മനസ്സിനെ ചഞ്ചല പെടുത്തരുത്.

നീരജ മേനോൻ. ഇ

"പുറത്താകും എന്ന പേടി ഒരിക്കലും നമ്മളെ കളിയിൽ നിന്നും അകറ്റാൻ സമ്മതിക്കരുത്."

# കല മത്സരിക്കാനുള്ളതാണോ?

ഇത് മത്സരത്തിന്റെ കാലമാണ്. ഇതാണ് നാമോരോരുത്തരുടെയും മനസ്സിൽ. എന്നാലതല്ല സത്യം. മത്സരം പുരോഗതിക്കു വേണ്ടി മാത്രമായിരിക്കണം. അല്ലാതെ മനുഷ്യന്മാർ തമ്മിലുള്ള വിദ്വേഷമായിരിക്കരുത്. കലയുടെ പേരു പറഞ്ഞ് പണമുണ്ടാക്കുന്ന കാലമാണിന്നത്തേത്. വിദ്യാലയങ്ങളിൽ പോലും കലയുടെ പേരു പറഞ്ഞ് തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാലത് ഒഴിവാക്കണം. കാരണം, കല ഓരോ രാജ്യത്തിന്റെയും സംസ്കാരത്തെ പറ്റിയാണ് പറയുന്നത്. എന്നാൽ ഇന്ന് പല വിദ്യാലയങ്ങളും കലോത്സവ വേദികളിൽ പണം വാരിയെറിഞ്ഞ് ഒന്നാം സ്ഥാനവും മറ്റും കരസ്ഥമാക്കുന്നു.

ഇതിനു പിന്നിൽ രക്ഷാകർത്താക്കളുടെ പങ്ക് വലുതാണ്. അവർ അവരുടെ മകന്റെയും മകളുടെയും കലയിലുള്ള അറിവിനെ കുറിച്ച് മാത്രമാണ് പറയുന്നത്. അവർ മറ്റു കുട്ടികളുടെ കഴിവിനെയും കലയുടെ മഹത്വത്തെയും മാനിക്കുന്നില്ല. രക്ഷിതാക്കൾ കലയുടെ മഹത്വവും പ്രാധാന്യവും മനസ്സിലാക്കാതെ തങ്ങളുടെ മക്കളുടെ തോൽവിയെ കുറിച്ച് മാത്രം ചിന്തിക്കുന്നു എന്നത് ഇതിൽ നിന്നും മനസ്സിലാക്കാം.

വിദ്യാലയങ്ങൾ, രക്ഷിതാക്കൾ എന്നിവരെല്ലാം കൂടി കലയെ കലാപത്തിലേക്കുള്ള ഒരു വഴിയാക്കി മാറ്റുകയാണ്. ആരും കലയെ കാണുന്നില്ല. യഥാർത്ഥ കലാകാരനെയോ കലാകാരിയേയോ കണ്ടെത്തുന്നില്ല. അവർ പണത്തിനും പത്രാസിനും വേണ്ടിയുള്ള മത്സരത്തിലാണ്.

ചില രക്ഷിതാക്കൾ കലയെ കാണുന്നത് പോലെയാണ് അവരുടെ മക്കളും കലയെ കാണുന്നത്. രക്ഷിതാക്കളുടെ ചിന്താഗതി

തന്നെ മാറിയാൽ വിദ്യാലയങ്ങളും നാടും നന്നാകും.

നമ്മുടെ രാജ്യത്തിന്റെ കാര്യം വളരെ ദുർഗതിയാണ്. കാരണം, നമ്മുടെ കേരളത്തിന്റെ സ്വന്തം കലയേതാണെന്ന് ചോദിച്ചാൽ പലരും ഒന്നും അറിയാതെ നിൽക്കും. കാരണം, അവർ കലയെ ആസ്വദിക്കുകയോ അറിയുകയോ ചെയ്യുന്നില്ല. ചിലരുണ്ട്, കലയെ അറിയാതെ കലോത്സവത്തിൽ പണം വാരിയെറിഞ്ഞ് മത്സര ബുദ്ധിയോടെ കാര്യങ്ങൾ മുന്നോട്ടു നയിക്കുന്നവർ. ഇവരുടെ കൂടെ കള്ളത്തരം കാണിക്കാൻ രക്ഷിതാക്കളും വിദ്യാലയങ്ങളും മാത്രമല്ല ഉള്ളത്.

കലയെപ്പറ്റി അറിയുന്നവരും പണം വാങ്ങി കലാവാസനയുള്ള കുട്ടികളുടെ കഴിവിനെ നിരുത്സാസപ്പെടുത്തുന്നു.എന്നാൽ കലയെ വെറും മത്സരമായിക്കാണുന്ന കുട്ടികളെ നാം തോൽപ്പിക്കാതെ ജയിപ്പിക്കുന്നു.


ഇതിൽ നിന്നും രക്ഷനേടാൻ ഒരേയൊരു മാർഗ്ഗം മാത്രമാണ് നമ്മുടെ മുന്നിൽ തെളിഞ്ഞ് വരുന്നത്. യഥാർത്ഥ കലാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തിയാണ് വിദ്യാലയങ്ങളും അദ്ധ്യാപകരും, രക്ഷിതാക്കളും ,കലയെ അറിയുന്നവരും പ്രോത്സാപ്പിക്കുക.

ഇന്നത്തെ തലമുറയെ പറഞ്ഞ് ബോധ്യമാക്കിക്കൊടുക്കുക പണ്ടുകാലത്ത് ആളുകൾ പറയുമായിരുന്നു.കലാകാരൻ വിനയമുള്ളവനായിരിക്കും എന്ന്.അത് ഇന്നത്തെ തലമുറയെ പറഞ്ഞ് ബോധവാന്മാരാക്കുക.ഇതു തന്നെയാണ് കലയെ സംരക്ഷിക്കാൻ നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ല മാർഗ്ഗം.

" കല ഓരോ നാടിന്റെയും സംസ്കാരമാണ്. " എന്ന ബോധോദയം ഓരോർത്തർക്കും ഉണ്ടാകട്ടെ.

**ഗോപിക പി.സ്**

# LOST FRIEND



Walking alone in the busy street
clunging myself with my hands
Right opposite of a coffee shop,
I saw a rustling tree
and a dusty bench.
I don't know, buttears rolled away
she hold my hands and
used to rush between crouds
to reach the school before bell rangs
we used to lick the lolly pop
also had a sneery talk.
After years,she left me
flied away with her father
the old dusty bench
made me remember her

Ardhra P S

# ഒരു മഴയുടെ വിലാപം



അരുന്ധതി പുറത്തേക്ക് നോക്കി.പുറത്ത് നല്ല മഴ.മെഡിക്കൽ കോളേജിൽ വരുന്നവർ മഴ കുടകൾ മടക്കി പിടിച്ച് വെള്ളം വസ്ത്രത്തിമേൽ തട്ടിയത് പിഴിഞ്ഞ് കളയുന്നു. പുറത്തേക്ക് പോകാൻ കഴിയാത്ത ചിലർ മഴ കുറയുന്നത് നോക്കി നിസ്സഹായതോടെ നിൽക്കുന്നു.ആരുടെ മുഖത്തും ഒരു തരത്തിലും ഉള്ള വികാരങ്ങളുമില്ല.എല്ലാവരും അവരവരുടെ                              അസുകങ്ങളെ ഓർത്ത് വ്യാകുലപ്പെടുന്നവർ."എന്താണ് ഗിരീഷ് ഇത്ര വൈകുന്നത് പൈസകിട്ടിക്കാണുകയില്ലേ".

അതോർത്തപ്പോൾ അവളുടെ കണ്ണുകളിൽ നിന്ന് അറിയാതെ കണ്ണീർ ചാലിട്ട് ഒഴുകി. അവൾ ആരും കാണാതിരിക്കാൻ ചുരിദാറിന്റെ  ഷാള് കൊണ്ട് അമർത്തി തുടച്ചു. മനുകൃഷ്ണൻ ഓടി

വന്ന് കൊണ്ട് അവളോട്ട ചോദിച്ച "അച്ഛൻ വന്നില്ലല്ലോ?"
“ഇപ്പോൾ വരും" അവൾ പറഞ്ഞു. അരുന്ധതിയുടെയും ഗിരീഷിന്റെയും മകനാണ് മനു എന്ന് വിളിക്കുന്ന മനു കൃഷ്ണൻ. അവന് വയസ്സ് അഞ്ച് കഴിഞ്ഞു. ഈ വർഷവും സ്കൂളിൽ ചേരാനായി കാത്തിരിക്കുമ്പോഴാണ് അവനു പനി വന്നത്. കുട്ടികളുടെ ഡോക്ടറെ കാണിച്ചപ്പോൾ അദ്ദേഹം മൂന്നു ദിവസത്തെ മരുന്നു കുറിച്ച തന്നു. അതിൽ നിന്ന് ഒരു ഡോസ് മരുന്നു കഴിച്ചപ്പോൾ തന്നെ പനി മാറി. പക്ഷെ പിന്നെയും പനി വന്നു. ആദ്യം വന്നതിനേക്കാൾ ശക്തിയിൽ. പിന്നെയും അവനെ ഡോക്ടറെ കാണിച്ച. അയാൾ പറഞ്ഞു. ഇവനെ കാർഡിയോളജിസ്റ്റിനെ കാണിക്കാൻ പറഞ്ഞു. അവിടെ ചെന്നപ്പോൾ അവർ അവനെ പല പല ടെസ്റ്റുകളും ചെയ്തു.അവർ പറഞ്ഞു ഇവന്റെ ഹൃദയത്തിൽ ഒരു ദ്വാരമുണ്ട്.ഉടനെ തന്നെ ഇവനൊരു ഓപ്പറേഷൻ വേണം. അതിന് വേണ്ട പണമന്വേഷിച്ച പോയതാണ് ഗിരീഷ്. അവൻ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മുതലാളി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. മനു കൃഷ്ണൻ മറ്റു രോഗികൾ കിടക്കുന്ന കട്ടിലുകളുടെ ഇടയിലുള്ള സ്ഥലങ്ങളിൽ ഓടിക്കളിക്കുന്നു.അവിടെ കിടക്കുന്ന രോഗികളുമായി അവരുടെ കൂട്ടിരിപ്പുകാരുമായി അവൻ വലിയ ചങ്ങാത്തത്തിലാണ്.ഒരു നഴ്സ് വന്ന് അരുന്ധതിയോട് ഡോക്ടർ വിളിക്കുന്നു എന്ന് പറഞ്ഞു.അവൾ ഒന്നുകൂടി ജനാലയിലൂടെ എത്തി നോക്കി ഗിരീഷ് വരുന്നുണ്ടോന്ന്. ഇല്ല ഗിരീഷ് വരുന്നില്ല. ഡോക്ടർ എന്തു പറയുമെന്ന് ആധിയോടെ അവൾ ഡോകടറുടെ മുറിയിലേക്ക് നടന്നു. “വരൂ ഇരിക്കൂ"

ഡോക്ടർ പറഞ്ഞു. "നിങ്ങളുടെ മകന് നാളെ ഓപ്പറേഷൻ നടത്താം. 40000 രൂപ ഇന്നടച്ച് രസീത് വേടിക്കണം. ബാക്കി മരുന്നിനായി കുറച്ച് പൈസ കാണണം. അതൊക്കെ നിങ്ങളോട് ഞാൻ ആദ്യം പറഞ്ഞതല്ലെ. അത് ഓർമിപ്പിക്കാൻ വേണ്ടി വിളിച്ചതാണ്. പൈസ കെട്ടിയ രസീത് ഞാൻ പോവുമ്പോഴേക്കും മുൻപ് തന്നെ കാണിക്കണം. ശരി പൊയ്ക്കോളൂ.." അവൾ പോവുമ്പോഴെല്ലാം ആലോചിച്ചിരുന്നത് പൈസ കൊണ്ടു വന്നാൽ ഉച്ചയ്ക്ക് മുൻപ് കെട്ടാമല്ലോ. ഓ. പി തീരാറായി ഗിരീഷ് വന്നില്ല. അവൾ അവളുടെ താലിമാലയിലേക്ക് കുറച്ച നേരം നോക്കി നിന്നു. പിന്നെ എന്തോ ചിന്തിച്ചുറച്ചതു പോലെ അവൾ എണീറ്റു. മനുവിനെ വിളിച്ച് തൊട്ടടുത്തുള്ള രോഗിയുടെ ബന്ധുക്കളോട് പറഞ്ഞു ഇവനെ ഒന്നു ശ്രദ്ധിച്ചോളണേയെന്ന് പറഞ്ഞു. അവൾ മെഡിക്കൽ കോളേജിന്റെ പുറത്തേക്ക് നടന്നു. പുറത്ത് പെയ്യുന്ന മഴയൊന്നും അവളിൽ ഏശുണ്ടായിരുന്നില്ല. കൊരി ചൊരിയുന്ന മഴയിലൂടെ അവൾ നടക്കുമ്പോൾ മുന്നിൽ കണ്ട സ്വർണ്ണപണമെടപാട് സ്ഥാപനത്തിലേക്ക് അവൾ കയറി. അവളുടെ കഴുത്തിൽ കിടന്ന താലിമാല അവൾ ഊരിയെടുത്തു. അവളുടെ മഴയത്ത് നനഞ്ഞുള്ള വരവും അവളുടെ നിസ്സഹായാവസ്ഥയും മനസ്സിലാക്കിയ കച്ചവചക്കാരന്റെ കപട ബുദ്ധി ഉണർന്നു. അയാളുടെ കയ്യിലേക്ക് കൊടുത്ത മാലയിലേക്ക് നോക്കി കൊണ്ട് അയാൾ പറഞ്ഞു. ഇതിന് മാറ്റ് കുറവാണല്ലോ. നറച്ച് വിളക്ക് പണിയും മൂന്നു പവനും ഉള്ള മാലയ്ക്ക് കിട്ടിയ പൈസയെത്രയാണെന്നോ ഒന്നും

ഓർമയുണ്ടായിരുന്നില്ല. അയാൾ എണ്ണിക്കൊടുത്തതും വേടിച്ചവൾ പുറത്തെ മഴയിലേക്കിറങ്ങി. വേഗം കൊണ്ടു പോയി നാല്പതിനായിരും രൂപ കെട്ടി ബില്ല് കൊണ്ടു പോയി ഡോക്ടറെ കാണിച്ചു. ഗിരീഷിനോട് എപ്പോഴും പറയുന്നതാണ് ഒരു മൊബൈൽ ഫോൺ വാങ്ങിക്കു എന്ന് ഞാൻ പറഞ്ഞിരുന്നു. അപ്പോഴെല്ലാം ഗിരീഷ് പറയും."നമ്മളുടെ ബുദ്ധിമുട്ടുകൾ മാറട്ടെ എന്നിട്ട് വാങ്ങാം" എന്ന്.

അവൾ വന്ന് ആശുപത്രിയുടെ ബഡ്ഡിലിരുന്നു. നനഞ്ഞ വസ്ത്രം ശരീരത്തിൽ ഒട്ടികിടക്കുന്നത് മാറ്റുവാൻ പോലും തോന്നിയില്ല. ഗിരീഷിനോട് എപ്പോഴും പറയുന്നതാണ് ഒരു മൊബൈൽഫോൺ വാങ്ങിക്കു എന്ന്. അപ്പോഴെല്ലാം ഗിരീഷ് പറയും.'നമ്മുടെ ബുദ്ധിമുട്ടുകൾ മാറട്ടെ എന്നിട്ട് വാങ്ങാം.' അവള് വന്ന് ആശുപത്രിയിലെ ബെഡ്ഡിലിരുന്നു. നനഞ്ഞ വസ്ത്രം ശരീത്തിൽ ഒട്ടി കിടക്കുന്നത് മാറ്റുവാൻ പോലും തോന്നിയില്ല. മനു വന്ന് അവളെ കുലുക്കി കൊണ്ട് പറഞ്ഞു. "അമ്മ വിശക്കുന്നു." മനുവിന് ഭക്ഷണം കൊടുക്കുമ്പോഴും അവൾ ഗിരീഷിനെ തന്നെയാണ് ഓർത്തിരുന്നത്. ഗിരീഷിന് പൈസ കിട്ടിയിട്ടുണ്ടാകുമോ ആവോ. അവളങ്ങ ചോറ് ഉണ്ടുകൊണ്ടിരിക്കുന്ന മനുവിനോട് പറഞ്ഞു. "മോന്റെ ഓപ്പറേഷൻ നാളെയാണ്." ഓപ്പറേഷൻ എന്തെന്നറിയാത്ത അവന്റെ മുഖത്ത് വളരെ സന്തോഷം പ്രകടമായി. അവിടെ നിന്ന് തുള്ളിച്ചാടി കൊണ്ട് മറ്റ് രോഗികളോട് പറഞ്ഞു. നാളെയാണെന്റെ ഓപ്പറേഷൻ. അത് കേട്ടപ്പോൾ മറ്റ് രോഗികളുടെ കൂട്ടിരിപ്പുകാർ അരുന്ധതിയെ ആശ്വസിപ്പിച്ചു.

കുറച്ച് കഴിഞ്ഞപ്പോൾ ഒരു നഴ്സ് വന്ന് അവളോടു പറഞ്ഞു. മനുവിന് കുറേ ടെസ്റ്റുകളുണ്ടെന്നു  പറഞ്ഞ്  കുട്ടിയെ കൂട്ടി കൊണ്ടു പോയി. നഴ്സിംഗ് റൂമിന്റെ മുന്നിൽ എത്രനേരം ഇരുന്നെന്ന് അറിയില്ല. മനു പുറത്ത് വന്നപ്പോൾ അവന്റെ കയ്യിൽ ഇഞ്ചെക്ഷൻ ചെയ്യാനുള്ള നീഡിൽ പിടിപ്പിച്ചിട്ടുണ്ടായിരുന്നു. അവൻ അത് ഉയർത്തി അമ്മയെ കാണിച്ചു.  കൂടെ ഇറങ്ങിവന്ന നഴ്സ് അരുന്ധതിയോട് പറഞ്ഞു -" മയങ്ങുവാൻ ഉള്ള മരുന്നു കൊടുത്തിട്ടുണ്ട് കുട്ടിവേഗം ഉറങ്ങും നാളെ പുലർച്ചെ ഓപ്പറേഷൻ തീയേറ്ററിൽ കേറ്റേണ്ടതാണ്" മനുവിനേയും അരികിൽ കിടത്തി അരുന്ധതി എപ്പോഴാണ് ഉറങ്ങിയത് എന്ന് അറിയില്ല.പുലർച്ചെ നഴ്സ് വന്ന് വിളിച്ചപ്പോഴാണ് അരുന്ധതി എഴുന്നേറ്റത് പുറത്തപ്പോഴും മഴ തോർന്നില്ല ഒരമ്മയുടെ വിലാപം പോലെ ആർത്തലച്ച് പെയ്യുന്ന മഴ. ഇത്രയും നേരമായിട്ടും എന്താണ് ഗിരീഷ് വരാത്തതെന്ന്  അരുന്ധതി ഓർത്തു. പക്ഷെ അത് ആലോചിച്ച് നിൽക്കാൻ നഴ്സ് സമ്മതിച്ചില്ല. " വേഗം കുട്ടിയെ കുളിപ്പിച്ച് വസ്ത്രം മാറ്റിത്തരൂ".മനുവിനെ വിളിച്ച് എഴുന്നേൽപ്പിച്ച് കുളിമുറിയിൽ കൊണ്ടു പോയി കുളിപ്പിച്ച് വസ്ത്രം മാറ്റുന്നതെല്ലാം അവൾ യാന്ത്രികമായി ചെയ്തു കൊണ്ടിരുന്നു. ഓപ്പറേഷനായി വന്ന് നഴ്സ് വന്ന് വിളിച്ചപ്പോൾ അവൻ അമ്മയെ കെട്ടിപിടിച്ച് ഉമ്മ വച്ചു. അവൾ അവനേയും കെട്ടിപിടിച്ച് പുണർന്നു നിന്നു. എത്ര നേരം അങ്ങനെ നിന്നുവെന്നറിയില്ല. നഴ്സ് കുട്ടിയെ നിന്നും അടർത്തിമാറ്റി ഓപ്പറേഷൻ തീയറ്ററിലേക്ക്  കൊണ്ടു പോകുമ്പോൾ തന്റെ ഹൃദയം പറിച്ചു കൊണ്ടു പോകുന്ന ഒരു രാക്ഷസിയാണ്  നഴ്സെന്ന് അവൾക്ക്  തോന്നി. ഓപ്പറേഷൻ

തീയറ്ററിനു മുൻപിലെ ബെഞ്ചിൽ തളർന്നിരുന്നു അവൾ. എത്ര നേരം ഇരുന്നുവെന്നവൾക്കറിയില്ല. ഓപ്പറേഷൻ തീയറ്ററിന്റെ മുൻപിലൂടെ ആളുകൾ തിക്കിത്തിരക്കി നടന്നുപോകുന്നു. കാലടിയൊച്ചയല്ലാതെ വേറൊന്നും കേൾക്കാനില്ല. ഓപ്പറേഷൻ തീയറ്ററിന്റെ അകത്തു നിന്നും പല പല മരുന്നുകളുടെ രൂക്ഷമായ ഗന്ധം പുറത്തേക്ക്  വരുന്നതു കൊണ്ടും ചില ദിവസമായി ഒന്നും കഴിക്കാത്തതു കൊണ്ടും അവൾക്ക് മനം പിരട്ടൽ അനുഭവപ്പെട്ടു. അകാരണമായ ഭയം അവളിൽ വന്നു പോകുന്നതായി ഭയപ്പെട്ടു. പിന്നെയെപ്പോഴോ അവിടവിടമായി പലരും അവളെ നോക്കി പിറുപിറുക്കുന്നതു പോലെ തോന്നി. തോന്നലല്ല അതു സത്യമാണ്. അപ്പോൾ വളരെ വേഗത്തിൽ രണ്ടു മൂന്നു പോലീസ് ഉദ്യോഗസ്ഥർ അരുന്ധതിയുടെ അടുത്തേയ്ക്ക് വന്നു.ഓപ്പറേഷൻ തിയ്യറ്ററിന്റെ നിശബ്ദയിൽ ആ പോലീസുകാരുടെ ബൂട്ടിന്റെ ശബ്ദം ഉയർന്നുകേട്ടു.അത് അവളുടെ ഹൃദയത്തെ തുളച്ചുകൊണ്ട് പോകുന്നത് പോലെ അനുഭവപ്പെട്ടു.ഇൻസ്പെക്ടർ ചോദിച്ചു"നിങ്ങളാണോ അരുന്ധതി?"." നിങ്ങളുടെ ഭർത്താവല്ലേ ഗിരീഷ്?"."അതെ ".അരുന്ധതി പറഞ്ഞു.അപ്പോഴ് ഇൻസ്പെക്ടർ പറഞ്ഞു കുട്ടിയുടെ ഓപ്പറേഷൻ ആണല്ലെ. ഈ അവസ്ഥയിൽ നിങ്ങളോട് ഇത് പറയുന്നതിൽ വിഷമമുണ്ട്.എന്നാലും എനിക്ക് എന്റെ ഡ്യൂട്ടി എനിക്ക് ചെയ്തേമതിയാവൂ.നിങ്ങളുടെ ഭർത്താവ് ഇന്നലെ റോഡ് മുറിച്ച് കടക്കുമ്പോൾ ഒരു വാഹനാപടകത്തിൽ മരണപ്പെട്ടു.അദ്ദേഹത്തിന്റെ കൈയ്യിൽ പണമടങ്ങുന്ന ബാഗുമുണ്ടായിരുന്നു.ബാങ്കിൽ നിന്ന് എടുത്തതിന്റെ റസീറ്റുണ്ടായിരുന്നു.അതുവെച്ചന്വേഷിച്ചപ്പോൾ ആളെ

ുതിരിച്ചറിയാൻ സാധിച്ചു.ബോഡി
മോർച്ചറിയിലുണ്ട്.പോലീസുകാരൻ പറഞ്ഞതെല്ലാം ഒരു
പാവയെ പോലെ അവൾ കേട്ടു നിന്നു ആ സമയത്ത്
ഓപ്പറേഷൻ തിയ്യറ്ററിന്റെ വാതിൽ തുറന്നു ഡോക്ടർ
പുറത്തിറങ്ങി.ഡോക്ടർ അവരുടെ അടുത്തു ചെന്നു
പറഞ്ഞു,"ഞാൻ ശ്രമിച്ചു But I am sorry".എല്ലാം നഷ്ടപ്പെട്ട ഒരു
അമ്മയുടെ തേങ്ങൽ പോലെ പുറത്ത് മഴ ആർത്തലച്ച് പെയ്ത്
കൊണ്ടിരുന്നു.

മുഹമ്മദ് ഷാഹിദ് .എസ്എം

# MY JOURNEY

I was in a journey, to find
The truth of our life
I couldn't stop, because
I was flowing through it.
The sea said something,
the wind saw something



But I couldn't feel it
Because, I saw travelling around a clock
I saw people
who won many inventions
I saw people
who won in many wars
I saw people
who recovered in many pains
I stopped!
The journey to end truth

was stopped.
Because I got it.
The big invention,
The big war,and
The big pain......
Is our life.
Now get ready for an invention,
to change this world
get ready for a war,
to fight against all evil.
get ready to recover,
all the pains in our life.
(This is our life
not so strange
we just found the truth
and also our silent powers)

DEVIKA BABURAJ

# NEVER BE SILENT

The innocence is nibbled
You, the severing wolves
Took away the freshness
Devils you are
And the animalisms never
Help you get 'Rest in Peace'.

The beasts in human alter
You are,and the best
Never be quenched
Space off the little ones,
or else suffer
Hack! We are the judges nut,
Nor the police
But the beings with heart and soul
Ready to give you a space
Even in the cemetery-
To sleep restlessly and ruthlessly.

Date to touch
This is not just a warning
The furious matches of fornlorn,
Behold! The beehooves rose
To kick and hump you.
Get rid of your cozy cats
You are in dander, The prays are after the percolators
The oppressed virus the oppressors
Never be silent victims,
Nor be the puppets
You shameless creatures,
Enjoys and spread cruelty
Beware! The doomsday at hand
We are not to judge you
But  to wash you off.
In the name of your deceits
For the sake of all submissive,
We do swear, you never be
Pampered. We are furiousAnd forgive never

# പറയൂ സഖി...

പറയൂ സഖി നിനക്കെന്നോട് പറയുവാൻ,
മനസ്സിൽ കരുതിയ രഹസ്യമെന്ത്?
പറയാൻ അടുത്തപ്പോളെല്ലാം മറന്നപ്പോൾ,
മിഴിനട്ടു നോക്കി നീ നിന്നതെന്തേ?
പറയൂ സഖീ നിൻ മനച്ചെപ്പിലെ
കനിവിന്റെ മുത്തു ചിരിച്ചതെന്തേ?
മുത്തു ചിരിച്ചപ്പം നിൻ നീലകൺകളിൽ
നക്ഷത്രപ്പൂക്കൾ വിരിഞ്ഞതെന്തേ?
പറയൂ സഖീ നിന്റെ ചുണ്ടത്തു പൂത്തൊരാ
ചെമ്പകപ്പൂവ് തുടിച്ചതെന്തേ?
കളിവാക്കു നിന്നോട് ചൊന്നപ്പോഴേക്കുമ-
ക്കവിളത്തു കുങ്കുമം പൂത്തതെന്തേ?
പറയൂ സഖീ,കണ്ട കനകക്കിനാക്കൾ
കവിളത്തു പൂക്കളായ് തീർന്നതെന്തേ?
കളമധുരം കിങ്ങിണിക്കിളി മൊഴിയെല്ലാം

ഘന മനന മുദ്രിതമായതെന്തേ?
പറയൂ സഖി,നിനക്കെന്നെടുത്തൊത്തുമ്പം
ഒരു വാക്കു മിണ്ടുവാൻ ലജ്ജയെന്തേ?
മിഴിതാഴെ നട്ടു നീ നിൽക്കുമ്പം നിന്നുള്ളിൽ
ഇടിയും മഴയും തകർപ്പതെന്തോ?

പ്രവീണ എൻ.എം

# സെൽഫി

“ദാ ഇത് നന്നായിട്ടില്ലേ" “കൊള്ളാം" രാജീവ് അമീറിനോട് താനെടുത്ത ചിത്രങ്ങളുടെ മഹത്വം വിവരിക്കുന്നു.അവർ ഇരുട്ടിലേക്ക് നയിക്കുന്ന, പ്രകാശം തെളിക്കുന്ന കളിപ്പെട്ടിയിൽ ചുണ്ണാ




www.shutterstock.com · 1094394485

തേച്ചുകൊണ്ടിരിക്കുന്നു.

മുൻപിൽ ആർത്തലച്ചുക്കൊണ്ട് ആയിരം കൊലക്കത്തികളുടെ ബലത്തിൽ,നിലയ്ക്കാത്ത പ്രവാഹത്തിൽ അതിരപ്പിള്ളി.ജീവൻ യാതൊരു ജീവനമില്ലാത്ത മിഴികളാൽ അതിൽ കണ്ണും നട്ടിരിക്കുന്നു.ഒരു വർഷക്കാലം വരെ തന്റെ

മുറിയിൽ ഒറ്റയ്ക്ക് കഴിച്ചുകൂട്ടിയ തന്നെ,മനസ്സാൽ പിടിച്ചുവലിച്ച് ഇങ്ങോട്ടു കൊണ്ടുവന്നത് അവരുടെ നിർബന്ധം മൂലമാണ്.ഒരു വർഷം മുൻപ് ഇതേനാളിലാണ് തന്റെ മായ.......... വെള്ളച്ചാട്ടത്തിൽ പ്രകടമാകുന്ന കൊലക്കത്തികൾ തന്റെ മനസ്സിൽ കുത്തിയിറങ്ങുന്നതായി ജീവനു തോന്നി. അവൻ ചുറ്റിനും നോക്കി. ഇല്ല, ആരും ശ്രദ്ധിക്കുന്നില്ല. തന്റെ മായയെ കാണാൻ ചെല്ലാൻ പറ്റിയ അവസരം. ഒപ്പം എല്ലാമവസാനിപ്പിക്കാനും. പിന്നെ തോന്നി,വേണ്ട.....

താൻ കൂടി പോയാൽ പിന്നെ തനിക്കുവേണ്ടി ജീവിക്കുന്ന അമ്മ......

ആ ചിന്ത അവൻ മനസ്സിന്റെ കോണിൽ ചുരുട്ടിയെറിഞ്ഞു.ഇപ്പോൾ അവന് സെൽഫികളേയും മൊബൈൽ ക്യാമറയേയും ഭയമാണ്. മൊബൈൽ കൈയിലെടുക്കുമ്പോൾ അവന്റെ മനസ്സിലത് മായ

അവസാനയാത്രയ്ക്കൊരുങ്ങുമ്പോളെഴുതിയ കുറിപ്പായി രൂപം കൊള്ളും.
അതോടെ അവനാ ഇരുട്ടുപെട്ടി ഉപേക്ഷിച്ചു.
"മനീഷ്
ചതിക്കില്ലേട്ടാ......അവനെനിക്ക് വാക്കു തന്നതാ" 'വേണ്ട മോളേ' "ഞാൻ അവനു വാക്കുകൊടുത്തുപോയി ഏട്ടാ... ഇനി എനിക്കത്..."അവൾ നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ട് വിതുമ്പി." 'എനിക്ക് അവനില്ലാതെ പറ്റില്ലേട്ടാ' 'മോള് ഏട്ടൻ പറയുന്നതൊന്നു കേൾക്ക് ' "ഏട്ടൻ വിഷമിക്കണ്ട. ഞാനെന്നും ഏട്ടന്റെ മായ തന്ന്യാണ്. അമ്മയോട് ഏട്ടൻ പറേണം.അവന്റെ വീട്ടുകാരെ പരിചയപ്പെടുത്തിയിട്ട്,ഏട്ടൻ അമ്മയെക്കൊണ്ട് സമ്മതിപ്പിച്ചാൽ കല്യാണം നടത്താംന്നാ അവൻ പറേണെ." 'എന്നാലും നീ ഇത് നേരത്തെ പറഞ്ഞിരുന്നു എന്ന്ണ്ടെങ്കിൽ...നീ പറേണതെന്തെങ്കിലും ഈ ഏട്ടൻ

ചെയ്യാതിരുന്ന്ണ്ടോ?'അന്ന് അവൾ പോകുന്നില്ലെന്ന് കള്ളം പറഞ്ഞു.തന്റെ ഭാഗികമായ സമ്മതമുണ്ടായിരുന്നതുകൊണ്ടാവണം അവൾ എഴുതെഴുതി വച്ച് തങ്ങളെ വിട്ടുപോയി.എല്ലാം ഓർത്ത് ഇന്ന് തനിയ്ക്ക് കണ്ണീരൊഴുക്കാനെ കഴിയൂ.

കർമത്തിനുവച്ച

അവളുടെ ബലിച്ചോറ് കാക്കയ്ക്കു പോലും എല്ലാ ചൈതന്യവും നഷ്ടപ്പെട്ട്,കരിവാളിച്ച കിടന്ന ആ മാംസപിണ്ഡത്തെക്കണ്ട് താൻ തളർന്നു.അവളുടെ പോസ്റ്റ്മാർട്ടം റിപ്പോർട്ട് അമ്മയെ കാണിക്കാനവന് മനസ്സുവന്നില്ല.കാണിച്ചിരുന്നവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നവനോർക്കാൻ കഴിഞ്ഞില്ല. 'പോകും വഴി മായയുടെ വണ്ടി തട്ടി. പോലീസ് ദാ ഇപ്പഴങ്ങോട്ട് ചെല്ലാൻ പറയുന്നു. ഞാൻ പോട്ടെ അമ്മേ.' 'മോനേ മായേടെ കാര്യം വല്ലതും പറഞ്ഞോ? ഈശ്വരാ... ന്റെ മോള്...'

അന്ന് ഫോണിലൂടെ കേട്ട സത്യങ്ങൾ പലതും തന്റെ മനസ്സിലിട്ട് നുണയാക്കി മാറ്റി അമ്മയോട് പറഞ്ഞപ്പോൾ തന്റെ സ്വരം പതറിയത് അമ്മ അറിഞ്ഞുവോ?

അന്ന് തെളിവായി ലഭിച്ച മൊബൈലിലെ ദൃശ്യങ്ങളും മായ ജീവനോട് പറഞ്ഞതും കൂട്ടി വായിച്ച് അന്ന് പോലീസിനു ലഭിച്ച ഉത്തരം സത്യമാണ് എന്ന് ജീവനുറപ്പിച്ചു. സ്വത്തിന്റെ ബലത്തിൽ മനീഷും കൂട്ടാളികളും രക്ഷപ്പെട്ടു. നഷ്ടപ്പെട്ടത് തനിയ്ക്കും.. എത്രനാൾ അമ്മയിൽ നിന്ന് മറച്ചു വയ്ക്കും? സത്യമറിഞ്ഞ് തളർന്നു വീണ അമ്മ ഉണർന്നത് മൂന്നാം ദിവസം ഐ സി യു വിൽ. കാലചക്രം കുറച്ചധികം തിരിയേണ്ടി വന്നു അമ്മയുടെ മനസ്സ് പഴയ രീതിയിലേക്ക് മാറാൻ. ഇന്ന് എന്തിനോ വേണ്ടി താനും അമ്മയും യാന്ത്രികമായി ജീവിതം കഴിച്ചു കൂട്ടുന്നു. ആരുടെയെങ്കിലും ചിത്രങ്ങൾ മൊബൈൽ എന്ന ചതിപെട്ടിയിൽ കാണുമ്പോൾ അവന്

മായയെ ഓർമ വരും. തന്റെ കുട്ടി അച്ഛനൊപ്പം മുകളിലെവിടെയോ നിന്ന് തന്നെ നോക്കുന്നുണ്ടെന്ന് അവൻ വിശ്വസിക്കും. ഏതൊരു പെൺകുട്ടിയുടെയും ജീവിതം ഇതു പോലെ പാതി വഴിയിൽ എരിഞ്ഞുതീരരുതേയെന്ന് അവൻ പ്രാർത്ഥിക്കും.

-അനഘ എം എസ്

# SILVER

Slowly ,silently,now the moon
Walks the night n her silver shown,
This way,and that ,she pierce,and sees
Silver fruit upon silver trees
One by one the casements catch
Her beams beneath the silver batch,
couched in his kennel,like a dog,
with paws of silver feathered sleep
a harvest meuse goes scampering by,
 with silver calves, and silver eye
and moud age fish in the water gleam
by silver reeds in a silver stream.

ANAGHA P. S.

# ഒരു ഉത്സവത്തിന്റെ ഓർമ്മ

അന്ന് ഒരു ഉത്സവ ദിനമായിരുന്നു. ചെണ്ടയുടേയും തകിലിന്റേയും താളം ജനങ്ങളിൽ ആവേശമുണർത്തി. ഉത്സവം പ്രമാണിച്ച് അമ്മുവിന്റെ സ്കൂൾ നേരത്തേ വിട്ടു. ബാക്കിയുള്ള എല്ലാ കുട്ടികൾക്കും ഉത്സവത്തെ പറ്റിയുള്ള ചിന്തകളായിരുന്നു. എന്നാൽ അമ്മുവിന്റെ മനസ്സിലിരുട്ടായിരുന്നു. കൂരിരുട്ട്. അങ്ങനെ അമ്മുവും കൂട്ടുകാരും നടക്കുകയാണ്. ബാക്കിയുള്ളവർ തങ്ങളുടെ ഉത്സവ സ്മൃതികൾ പങ്കു വയ്ക്കുകയാണ്. എന്നാൽ ഒന്നും മിണ്ടാത്ത അമ്മുവിനോട് ചോദ്യങ്ങൾ ഉയർന്നു. "എന്താ അമ്മു നീയൊന്നും മിണ്ടാത്തത്? നിനക്ക് ഇവിടത്തെ ഉത്സവം ഇഷ്ടമായില്ലേ?" അങ്ങനെ നൂറ് നൂറ് ചോദ്യങ്ങൾ. എന്നാൽ അതിനൊന്നും ഉത്തരം നല്കാതെ അവൾ നടന്നു. വീർത്തു പൊങ്ങിനിൽക്കുന്ന ഒരു അരയാലിൻ വേരിൽ തട്ടി. അമ്മു കമഴ്ന്ന വീണു. അവളുടെ കണ്ണുകൾ മെല്ലെ മെല്ലെ അടഞ്ഞുപോയി. പിന്നീട് കണ്ണു തുറന്നപ്പോൾ യാത്രപ്പറഞ്ഞ് കൂട്ടുകാർ പോയി. പിന്നീട് അമ്മ ജോലിയ്ക്കും. അമ്മുവിന് അച്ഛൻ ഉണ്ടായിരുന്നില്ല. അമ്മയും അച്ഛനും അമ്മുവിന് അമ്മ തന്നെയാണ്. അമ്മയുടെ വരുമാനമാണ് ആ കുടുംബത്തെ നയിക്കുന്നത്. അമ്മ പോയ ശേഷം അവൾ തന്റെ മുറിയിൽ കണ്ണോടിച്ചു.ഭിത്തിയിൽ തൂക്കിയിരുന്ന ഒരു ചിത്രത്തിലേയ്ക്ക് അമ്മു നോക്കിയിരുന്നു. അവളുടെ കണ്ണിൽ നിന്നു കണ്ണീർ ചാലിട്ടൊഴുകി. പുറത്തെ താളഭേദത്തെക്കാൾ വലിയ താളം അമ്മുവിന്റെ മനസ്സിനകത്തുണ്ടായിരുന്നു. അവളുടെ പിഞ്ചുമിഴി

ഉറക്കത്തിലേയ്ക്കാണ്ടു പോയി. ആ ഉറക്കത്തിൽ അമ്മു മറക്കാൻ മാത്രം ആഗ്രഹിച്ചിരുന്ന അവളുടെ ഭൂതകാലമായിരുന്നു. അവൾ തന്റെ ഭൂതകാലസ്വപ്നത്തിലേക്കാണ്ടു പോയി. അമ്മുവും അവളുടെ പ്രിയപ്പെട്ട അനുജത്തി അച്ഛവും അമ്മയും മുത്തശ്ശിയും അടങ്ങിയ കൊച്ചുകുടുംബം. അച്ഛൻ മരിച്ചതിനാൽ അമ്മുവിന്റെ അമ്മയായിരുന്നു ജോലിക്ക് പോയിരുന്നത്. അച്ചുവിന് തന്റെ സ്നേഹം ലഭിക്കുന്നില്ലെന്ന പരാതിയായിരുന്നു അമ്മയ്ക്ക്. എന്നാൽ അമ്മു അവൾക്ക് അമ്മയെപോലെയായിരുന്നു. രണ്ടു പേരും തമ്മിൽ വഴക്കോ വാക്കുതർക്കമോ ഉണ്ടായിരുന്നില്ല. ഒരു ദിവസം അവരുടെ അടുത്തുള്ള ക്ഷേത്രത്തിൽ ഉത്സവമായിരുന്നു. അതിനാൽ അവർ സ്കൂളിൽ നിന്നും നേരത്തേയിറങ്ങി. വീട്ടിലെത്തി മുത്തശ്ശിയെ ഒരുപാട് നിർബന്ധിച്ച് ഉത്സവത്തിന് കൊണ്ടു വന്നു. എന്നാൽ ആ സന്ധ്യയ്ക്ക് വളരെ ഇരുട്ടായിരുന്നു.അങ്ങനെ അമ്പലത്തിലെ ചിരാതുകൾ കത്തിച്ചു. എന്നിട്ടും രാത്രിയിലെ ഇരുട്ടിനെ വെല്ലാൻ ചിരാതുകൾക്കായില്ല. പിന്നീട് തീ ജ്വലിക്കുന്ന ചൂട്ടുകൾ ചുറ്റും നിറച്ചു. പിന്നീട് ചുറ്റുമുള്ള ഇരുട്ടിന് അല്പം ശമനമായി. ഉത്സവമാരംഭിച്ചു. അവിടുത്തെ വർണവൈവിധ്യത്തിലും താളഭേദത്തിലും ആളുകൾ ലയിച്ചു. നേരമൊരുപാട് വൈകി. താളഭേദത്തിൽ നേരം പോയതറിഞ്ഞില്ല. ജ്വലിച്ചു നിന്ന ചൂട്ടിന്റെ വെളിച്ചം കുറഞ്ഞു തുടങ്ങി. ഇരുൾ കൂടിക്കൂടി വന്നു. പിന്നീടെന്തോ തന്നിൽ നിന്നും പോയതു പോലെ അമ്മുവിനു തോന്നി. വെളിച്ചത്തിൽ നിന്നും ഇരുട്ടിലേക്ക് തന്റെ അനുജത്തിയെയും കൊണ്ട് മറയുന്നതായിരുന്നു അമ്മു പിന്നീട് കണ്ടത്. ആദ്യം

നിശ്ചലമായി നിന്നെങ്കിലും പിന്നീട് അവൾ ഒച്ചവച്ചു. പിന്നെ നടന്ന സംഭവങ്ങൾ അവൾ പറഞ്ഞു. എന്നാൽ അവർ കടന്നുകളഞ്ഞു. അന്ന് അവിടെയാരും ഉറങ്ങിയില്ല. തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു. പിന്നീട് അവളുടെ കൂടെ തന്റെ അനുജത്തിയില്ലെന്ന സത്യം മനസ്സിലായ അമ്മുവിന്റെ സമനില തെറ്റി. പല ഡോക്ടർമാരെ കാണിച്ചിട്ടും പ്രതിവിധി കണ്ടില്ല. അവസാനം അവർ ആ നാട്ടിൽ നിന്നുതന്നെ പോന്നു. പിന്നീട് അമ്മുവിന്റെ ഉപബോധമനസ്സ് ആ സത്യം മനസ്സിലാക്കി. അങ്ങനെ അവൾ പഴയനിലയിലേയ്ക്ക് തിരിച്ചു വന്നു. "മോളെ എണീയ്ക്ക് ഇത്  ഞാനാ മുത്തശ്ശി.. എണീയ്ക്ക് മോളെ.." മുത്തശ്ശി അവളെ ആ സ്വപ്നത്തിൽ നിന്നും വിളിച്ചുണർത്തി. "മോളെ നമുക്കാ ഉത്സവത്തിന് പോയാലോ?" അവൾ വേണ്ടെന്നും പറഞ്ഞിട്ടും മുത്തശ്ശിയുടെ നിർബന്ധപ്രകാരം മനസ്സില്ലാമനസ്സോടെ അവൾ സമ്മതിച്ചു. അങ്ങനെ അവർ കുളിച്ചു. അലമാര തുറന്നപ്പോൾ തന്റെ അനുജത്തിയുടെ പുള്ളി ഉടുപ്പുകൾ അവൾ കണ്ടു. കണ്ണിൽ നിന്നും കണ്ണീർ പൊഴിഞ്ഞു. മുത്തശ്ശി വിളിച്ചപ്പോൾ തന്റെ കണ്ണു തുടച്ചു അവർ നടന്നു. വളരെ ശാന്തമായ ഉത്സവപറമ്പ്. അങ്ങനെ സന്ധ്യയാകാറായി. അവർ തിരിച്ചു പോകാനൊരുങ്ങി. എന്നാൽ ആൾക്കൂട്ടത്തിനിടയിൽ തന്റെ അനുജത്തിയെ പോലെയുള്ള കുഞ്ഞുടുപ്പ് അവൾ കണ്ടു. നോക്കിയപ്പോൾ ഒരു കുട്ടി മുത്തശ്ശിയുടെ കൈപിടിച്ചു വരുന്നു. അങ്ങനെ അവൾ ആ കുട്ടിയുടെ അടുത്തെത്തി. പിന്നീടാണ് അത് അവളുടെ സ്കൂളിന്റെ അടുത്തുള്ള വീട്ടിലെ കുട്ടിയാണെന്ന് മനസ്സിലായത്. അങ്ങനെ

അവർ വളരെ കൂട്ടായി. നേരം വൈകിയതറിഞ്ഞില്ല. പിന്നീടാണ് ആ കുട്ടിയുടെ അമ്മ അവളെ കൊണ്ടു പോയത്. അന്ന് അവൾക്ക് വളരെ സന്തോഷമായി. "ഇത് എന്റെ ജീവിതത്തിൽ മറക്കാനാകാത്ത ഉത്സവമായിരുന്നു. " അവൾ തന്റെ ഡയറിയിൽ കുറിച്ചു. അവളുടെ കണ്ണുകൾ മെല്ലെ അടഞ്ഞു.

ദേവിനന്ദന. ടി. എം

# ഇരുളിൻ മറവിൽ

മൗനം....നിദ്രാ വിഹീനം
ഈ രാവിൽ നിഗൂഢ യാമങ്ങൾ
മോഹനിദ്രയിൽ അലസ സ്വപ്നങ്ങളിൽ
മിഴിയറിയാതുണരുന്ന മനവും.
രക്തക്കറ,കലങ്ങിയ തെരുവും
കൊത്തിയരിഞ്ഞ മാംസതുണ്ടങ്ങൾ
കണ്ണുനീരുപ്പും ചവർപ്പും
നിഴലും നിലാവമഴുകുന്നു.
തിമിരമേറ്റ മിഴികൾക്കിന്നു
രണഭൂമിയും വസന്തമാകുന്നു
കരിയുന്ന മേഘപടലങ്ങൾ കാറായ് നിനയ്ക്കുന്നു
മിഴിനീരിനും മധുരമെന്നു നടിക്കുന്നു.
കാളിയ വിഷമേറ്റ കാളിന്ദിയും
കണ്ണിനു ത്രിവേണീ സംഗമമാകുന്നു
രാവിൻ മറവിലെ പേക്കിനാവുകൾ
പുലരിയിൽ പാവന സത്യങ്ങൾ.
അഗ്നി വിശുദ്ധിയിൽ എരിയുന്നു സീതമാർ
നിരാലംബരാം ദ്രൗപതിമാർ കേഴുന്നു.
കലിവിളയാട്ടം കണ്ടു ഭൂമിയിലും

കോപാഗ്നിയാൽ ജ്വലിക്കുന്നു.
മൂവന്തി തൻ സിന്ദൂരച്ചാർത്തും
മഴവില്ലിൻ സപ്തവർണ്ണങ്ങളും
പുലരിമഞ്ഞിൻ കുളിർമയും
കാലക്കയത്തിൽ മറയുന്നു.
അറിയുന്നു ഞാൻ സ്വയം
ഞാനുമീ രാവിന്നിന്ദ്ര ജാലം
മിഴിയറിയുന്ന സത്യങ്ങൾ മനവും
എങ്കിലും ഞാൻ മറക്കുന്നു സർവ്വവും
എൻ വിരൽ തുമ്പിലമരുന്ന
രൂപങ്ങൾ ഞാൻ വിസ്മരിക്കുന്നു
എങ്കിലുമറിയാതുഴറുന്നു മനവും
ഒടുവിലീ രാവും മൗനമായകലുന്നു.

നന്ദമോൾ പി എസ്

## കേഴുന്ന മാമ്പഴം

പുസ്തകച്ചുരുൾ മടക്കാതെയെൻ
അശ്രാന്ത പരിശ്രമവേളകളിൽ
എൻ മട്ടുപ്പാവിൽ
ചാഞ്ഞു കിടന്നെന്നെ
മാടിവിളിച്ചിരുന്നു
മാമ്പഴ കുലകൾ
മാടിവിളിച്ചിരുന്നു
മാമ്പഴ കുലകൾ.....
ഇല്ലയൊന്നു
കണ്ണോടിക്കുവാൻ
പോലും
തെല്ലിടന്നേരമെന്നു
ഞാൻ
ധൃതികൊണ്ടു പോയി



മഴക്കാലത്തൊരുനാൾ മട്ടുപ്പാവിൽ
മനം നിറയെ മഴകൊണ്ട് കുളിപ്പാനും
മാവിൻ തേൻ നുകരാനുമെന്നെ
തടയാതിരുന്നമ്മ
ഇന്നത്തെയാത്മാവിൽ കാണുന്നുവെൻ

മൃതദേഹം
അരികിലായി ചവിട്ടിത്തേച്ച
പകുതിയായ്
കേഴുന്നൊരു മാമ്പഴം മാമ്പഴം.......

നന്ദന രാജൻ


# വിട

വിട ചെല്ലലിൻ വേദനയെന്നെ
മരവിപ്പിച്ചീടുമാനേരം
ഇനിയെന്തെന്നറിയാതെ എൻ
മനതാരിൽ കൊള്ളി മിന്നൽ പായുമാനിമിഷം.
വേദനയോടെ യാത്ര ചൊല്ലിടുന്നാ വേള-
യിലെൻ കൈകാലുകൾ വിറച്ചിടുന്നു.
ഉമിനീർ പോലും ആഴങ്ങളിൽ പോയൊളിച്ചു
ദൂരത്തേക്കു നോക്കിയാൽ എനിക്ക് കാണാം
അതാ കാലമെന്നെ നോക്കി ചിരിക്കുന്നു.
തിരിച്ചുപിടിക്കാൻ വെമ്പുന്നെൻ
മനമാ ദിനയാത്രങ്ങളെ...
ഒരുനാൾ ഈ പടിയിറങ്ങേണ്ടവൾ ഞാൻ
പക്ഷെ അതിത്ര പെട്ടെന്നോർത്തില്ല ഞാൻ.

സയന സുനിൽ

# വിദ്യാർത്ഥികളും വായനാശീലവും

വിദ്യാഭ്യാസത്തിലൂടെ നാം നേടുന്ന അറിവ് പൂർണമല്ല. അദ്ധ്യാപകർ, സഹപാഠികൾ, പാഠപുസ്തകങ്ങൾ എന്നിവയെല്ലാം വിദ്യാർത്ഥിയെ സഹായിക്കുമെങ്കിലും, വായനയിലൂടെയും അനുഭവത്തിലൂടെയും നേടുന്ന അറിവാണ് ജീവിത പുരോഗതിയിൽ നമുക്ക് സഹായകമാകുന്നത് . വിദ്യാഭ്യാസത്തിലൂടെ നേടിയ കഴിവുകൾ വായനയിലേക്ക്



തിരിച്ചു വിടുന്നില്ലെങ്കിൽ ഏതൊരു മനുഷ്യനും സമൂഹത്തിൽ പിന്തള്ളപ്പെട്ടു പോകും.

അറിവു നേടാൻ ഏറ്റവും പ്രധാനപ്പെട്ട ഒരു മാർഗമാണ് വായന. ശരിയായ വായനാശീലത്തിലൂടെ അറിവിന്റെ അനന്ത ചക്രവാളങ്ങളിലേക്ക് കടന്നു ചെല്ലാൻ നമുക്കു കഴിയും. വിജ്ഞാനവും, വിനോദവും, ആനന്ദവും പകർന്നു നല്കുന്ന എത്രയെത്ര പുസ്തകങ്ങളാണ് നമ്മെ മാടി വിളിക്കുന്നത്. കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കാൻ വായനയ്ക്കുള്ള പങ്ക് വളരെ വലുതാണ്. മനുഷ്യ മനസ്സിനെ ഉണർത്താനും ഉയർത്താനും നല്ല പുസ്തകങ്ങൾക്ക് കഴിയും.

ലോകം കണ്ടതിൽ വച്ച് പല മഹാത്മാക്കളും വായനാശീലം കൈവരിച്ചവരാണ്. ഒരു പുസ്തകം വായിക്കുവാൻ വേണ്ടി വളരെയധികം പ്രശ്നങ്ങൾ സഹിച്ച് എബ്രഹാം ലിങ്കണിന്റെ കഥ ആരെയും ആവേശഭരിതരാക്കുന്നതാണ്.

മഹത്തായ ചില പുസ്തകങ്ങളെഴുതിയ നമ്മുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു മികച്ച വായനക്കാരനായിരുന്നു.അതുപോലെത്തന്നെ പ്രഥമ രാഷ്ട്രപതിയായിരുന്ന രാജേന്ദ്രപ്രസാദാകട്ടെ തന്റെ അറിവിന്റെ പകുതിയും വായനയിലൂടെ ലഭിച്ചതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

നല്ല കൃതികൾ മനുഷ്യമനസ്സിനെ സംസ്കരിച്ച് ശുദ്ധമാക്കുന്നു. അതിനു പത്രമാസികകൾ വായിക്കുകയും ടെലിവിഷനെ അറിയുകയും മാത്രം പോരാ. അതോടൊപ്പം പുസ്തകങ്ങൾ കൂടി വായിക്കണം. മഹാത്മാക്കളുടെ ജീവചരിത്രങ്ങളും ആത്മകഥകളും നമുക്ക് വലിയ പ്രചോദനം നല്കും. കൂടാതെ കഥകൾ, കവിതകൾ, നോവലുകൾ, നാടകങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽ പെടുന്ന കൃതികളും വായിക്കണം. ആസ്വാദനശേഷി വർദ്ധിപ്പിക്കാനും പുതിയ കാഴ്ചപ്പാടുകൾ നല്കാനും അവയ്ക്ക് കഴിയും. അവയിലെ ആശയങ്ങൾ നമ്മെ സ്വാധീനിക്കും.

ചിന്താശേഷി വളർത്തിയെടുക്കാൻ വായന സഹായിക്കും. കാരണം ആശയലോകം അനുസ്യൂതമായി വികസിക്കുന്നതിന് വായനയ്ക്കു പകരം മറ്റൊന്നുമില്ല. വായിച്ചു തീർന്ന പേജുകളിലേക്ക് തിരിച്ചു പോകാൻ എളുപ്പമാണ്. ആശയങ്ങളുടെ പുനഃക്രമീകരണത്തിനും ഇതാണ് ഫലപ്രദമായ മാർഗം. വായന ഒരു വിനോദോപാധിയാണ്. വിശ്രമവേളയിൽ അതു ചെയ്യാവുന്നതാണ്. വായന ഒരു കലയാണ്. മനുഷ്യസംസ്കാരത്തെ നിലനിർത്തുന്ന ഗ്രന്ഥങ്ങളുടെ പാരായണം നമ്മെ വലിയവരാക്കും. പക്ഷെ അലസമായി ചെയ്യേണ്ടതല്ല

വായന. നമ്മുടെ അഭിരുചിക്കും താല്പര്യത്തിനും സന്ദർഭത്തിനും അനുസൃതമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കണം. അതിന് രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും സഹായം നാം തേടണം. വായന കൊണ്ട് നമ്മുടെ അറിവുകൾ കൂടുകയേ ഉള്ളൂ. അതു കൊണ്ട് ഗുണം മാത്രം; ദോഷങ്ങളില്ല.

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഈ കാലഘട്ടത്തിലും പുസ്തകങ്ങൾക്കും വായനാശീലത്തിനും അർത്ഥവും ലക്ഷ്യവുമുണ്ട്. ലേഡി മോണ്ടേഗു പറഞ്ഞതു പോലെ 'ഏറ്റവും ചെലവു കുറഞ്ഞതും ഏറെ ഫലം തരുന്നതുമായ വിജ്ഞാന-വിനോദോപാധിയാണ് വായന.' അതിനാൽ പഠനകാലത്തു തന്നെ വായനാശീലം നാം വളർത്തിയെടുക്കണം. വായനയിലൂടെ നേടിയെടുക്കാൻ സാധിക്കുന്ന ശേഷികൾ ബുദ്ധിപരമായ ഉണർവും ഉന്മേഷവും പ്രദാനം ചെയ്യുന്നു. സ്കൂളിലും കോളേജിലും പഠനം അവസാനിച്ചാലും സ്വയം പഠിക്കാനും അങ്ങനെ ജീവിതവിജയം സ്വന്തമാക്കാനും വായനാശീലം നമ്മെ സഹായിക്കും.

-ദേവിക. പി. എസ്

# ചിമിഴ് - 2018-19


Publisher : Smt. Sheeja. V
headmistress,NHSS
IJK
Staff editor : Suneethi .V,
Nimmy.M.H
Student editor : Athul.S.Menon
Editorial members : Sai darsana.K.U
Gopika.T.S
Anagha.M.S
Neehara.C.V
Krishna
Ramanathan
Midhun Krishna
Christy yardley sibi

Keshav.K.J
Ardhra.P.S

Cover Design : Dheeraj

Title 'chimizhu'
suggested by :Sanoj Raghavan
Diet Lecturer

# DIGITAL PAINTINGS






DHEERAJ

# LITTLE KITES MEMBERS



# OUR JUNIOR RED CROSS



# OUR GUIDES



## OUR SPC



# OUR NCC



# OUR SCOUTS



# സംസ്ഥാന കലോത്സവത്തിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കിയവർ



ലക്ഷ്മി വിജയൻ
നാടോടിനൃത്തം



ആദർശ് ടി.എ
ഗിത്താർ



ഭരത് ബാബു
ചാക്യാർക്കൂത്ത്



രോഹിത്ത് എം.എസ്
സംസ്കൃതം പ്രശ്നോത്തരി
ഐ.ടി ക്വിസ്സ്



ദിത്തിൽ കെ ദിലീപ്
ഷീറ്റ് മെറ്റൽ വർക്ക്



അനന്തകൃഷ്ണൻ കെ
ശാസ്ത്രോത്സവം

## നന്ദി...

പ്രതിഭയുടെ ഒന്നല്ല ഒരുപാട് മുത്തുകൾ അനുവാചകർക്കായി സമർപ്പിച്ചു കൊണ്ടാണ് 'ചിമിഴ്' അവസാനിക്കുന്നത്. വരണ്ടുണങ്ങിയ ധരയുടെ മാറിലേക്ക് പൊഴിഞ്ഞ

നീർത്തുള്ളി, പ്രതിസന്ധിയുടെ പ്രളയജലത്തിന്ന കീഴിൽ പ്രതിഭയുടെ പുതുമുത്തായാണ് ചിമിഴിൽ പിറവി കൊണ്ടത്.

കഴിഞ്ഞു പോയ മഴക്കാലം

ടാഗോർ വാക്യം പോലെ "കാലത്തിന്റെ കവിൾത്തടത്തിലെ കണ്ണുനീർത്തുള്ളി "യല്ല. ആ തുള്ളിയിൽ നിന്നും വിരിഞ്ഞ മുത്തിനെ കലയുടെ കൈയ്യൊപ്പായി ചിമിഴിൽ സൂക്ഷിക്കട്ടെ.

അതിജീവനത്തിന്റ പ്രതീകമായി, ജീവന്റേയും കലയുടേയും അനശ്വരതയായി... നന്ദി...


Thanks...